പ്രാവശ്യം മാനേജർ വിളിച്ചിരുന്നു. ഇനി എപ്പോഴാണ് ജീപ്പുമെടുത്ത് അദ്ദേഹം വരുകയെന്ന വേവലാതിയാണവൾക്ക്. വീട്ടിലെത്തി മനസ്സിലെ ആധികളെല്ലാമൊന്നു തുറന്നു പറയാമെന്ന് വെച്ചാലോ, അപ്പോഴേക്കും നെറ്റിന് മുമ്പിലെത്തിയിട്ടുണ്ടാവും നളിനൻ.

നളിനൻ ആലോചിക്കുന്നത് ഇങ്ങനെ: വീട്ടുപറമ്പിലെ വാഴത്തോപ്പിലും ഇല്ലിമരക്കൂട്ടത്തിനരികിലും നിർത്തി നളിനി എടുത്ത ഫോട്ടോകൾ എത്ര ലൈക്കുകളാണ് നേടിത്തന്നത്! ബിലാത്തിച്ചേമ്പിന്റെ പശ്ചാത്തലത്തിൽ വിഷാദമഗ്നനായി നിൽക്കുന്ന ഫോട്ടോവിന് വന്ന കമന്റുകൾ നിരവധി- നൈസ്, സൂപ്പർ, ഗ്രേറ്റ്.. വരിക്കപ്പിലാവിന്റെ ചോട്ടിൽ ചിരിച്ചുനിൽക്കുന്ന ഫോട്ടോവിനും കിട്ടി ഇഷ്ടം പോലെ കമന്റുകൾ....

എവിടെ ചെല്ലുമ്പോഴും, പറ്റിയ ഒരിടം കണ്ടാൽ ഫോട്ടോ എടുക്കാൻ തഞ്ചമുണ്ടോ എന്നു മാത്രമാണ് നളിനന്റെ ചിന്ത. ഫോട്ടോ എടുത്തുതരാനുള്ള ആളെ കിട്ടാനാണ് ചിലപ്പോൾ ബുദ്ധിമുട്ട്. ഫോട്ടോ ക്ലിയർ ആകാൻ വേണ്ടി മാത്രം ഈയടുത്താണ് പഴയ ഫോൺ മാറ്റി എല്ലാ ഫെസിലിറ്റീസുമുള്ള സ്മാർട്ട് ഫോൺ ആക്കിയത്...

ശാലിനി ചോദിക്കുന്നു: 'നിനക്ക് നിന്നെ കണ്ടിട്ടും നിന്നെ മറ്റുള്ളവർക്ക് കാണിച്ചിട്ടും മതിവരുന്നില്ലേ നളിനാ? എന്തൊരിഷ്ടമാ നിനക്ക് നിന്നോട്?'...

– ഞാൻ എന്റെ ഫോട്ടോസ് മാത്രമല്ലല്ലോ പോസ്റ്റ് ചെയ്തിട്ടുള്ളത്. ദുൽഖർ സൽമാനോടൊപ്പമുള്ള പടം നീ കണ്ടിട്ടില്ലേ? മറഡോണയോടൊപ്പമുള്ളത് കണ്ടിട്ടില്ലേ? വി.എം സുധീരനോടൊപ്പമുള്ള പടത്തിന് എത്ര ലൈക്കാണ് കിട്ടിയത്? ഈ ഫോട്ടോകളെല്ലാം എത്ര പേർ ഷെയർ ചെയ്തു?

– ശരിയാണ്. അവരെല്ലാം ഓരോ പ്രോഗ്രാമിന് വരുമ്പോൾ ഈ ഫോട്ടോസ് ഒപ്പിക്കാനുള്ള നിന്റെ കഷ്ടപ്പാട് എനിക്ക് മനസ്സിലാകുന്നുണ്ട് നളിനാ...

– നീയെന്നെ കൊച്ചാക്കരുത്.

– അയ്യോ, അവർക്കെല്ലാം നീ പ്രിയപ്പെട്ടവനാണെന്ന് ആർക്കാണറിഞ്ഞുകൂടാത്തത്? ഉറങ്ങി എണീറ്റാലുടനെ മറഡോണയും സുധീരനുമെല്ലാം 'നളിനൻ' 'നളിനൻ' എന്നു നൂറു പ്രാവശ്യം ജപിക്കുമെന്ന് ആർക്കാണറിയാത്തത്? ആത്മവിശ്വാസമില്ലായ്മയിൽ നിന്നാണ് നളിനാ സ്വയം പ്രോജക്ട് ചെയ്യാനുള്ള

കവിത



# ഒരു പിടികിട്ടാപ്പുള്ളിയുടെ ആത്മഹത്യാകുറിപ്പ്

**അഫ്സൽ വി.എസ്**

മടുത്തെടോ ഈ ജയിൽവാസം
കൂൾബാറിനു മുന്നിലുള്ള തൂങ്ങിയാട്ടവും
കുറേ നാളായിട്ടുള്ളൊരാഗ്രഹം,
ഒന്ന് പുറത്തുചാടണമെന്ന്...
മണ്ണിൽ നിന്ന് വേർപെട്ട് നീരാവിയായ്
വിണ്ണിലേക്കുയർന്ന് മഴയായ് കുളിരായ്
വീണ്ടും മണ്ണിനെ പുൽകിയപ്പോൾ
തീരെ പ്രതീക്ഷിച്ചില്ല ഈ ജയിൽവാസം.
ആരെങ്കിലുമൊന്ന് മോന്തികുടിച്ചിരുന്നെങ്കിലെന്ന്
പലവട്ടം ആശിച്ചു.
ഇന്നലെയാണ് ഒരവസരം ഒത്തുകിട്ടിയത്.
കെട്ട് പൊട്ടി കുപ്പി പൊട്ടി
പുറത്ത് ചാടി കണ്ണുംപൂട്ടിയോടുമ്പോൾ
മനസ്സിൽ തെല്ലൊരു കുറ്റബോധമുണ്ടായിരുന്നു.
ടൈൽ, ഇന്റർലോക്ക്, കോൺക്രീറ്റ്, ടാർ...
മണ്ണിനെ ഒന്ന് മണക്കാൻ പോലും
ഒരുത്തനും അനുവദിച്ചില്ല.
ഭൂമി കൂടുതൽ പരുക്കനായിരിക്കുന്നു.
ഞാൻ പിടികിട്ടാപ്പുള്ളിയും.
മടക്കം, വീണ്ടുമാ കലങ്ങിയ ജലാശയത്തിലേക്ക്.
ഒലിച്ചിറങ്ങുക...മുങ്ങിത്താഴുക...ആത്മഹത്യചെയ്യുക...

●

തുവായി പങ്കിടുന്ന കാര്യങ്ങൾ. സുന്നികളിൽ മഹാ ഭൂരിപക്ഷത്തിന് സുന്നി-ശീഈ ഭിന്നതയുടെ മർമം അറിയാത്തത് പോലെ ശീഈകളിലെ നല്ലൊരു ശതമാനത്തിനും അതറിയില്ല. അതൊക്കെ അറിയണമെന്ന് മഹാ ഭൂരിഭാഗത്തിനും നിർബന്ധവുമില്ല. ഇത്തരം മതിൽക്കെട്ടുകൾക്കപ്പുറത്ത് നിന്ന് ഇസ്‌ലാമിനെ, അല്ലാഹുവിന്റെ കലിമത്തിനെ ഉജ്ജ്വലമായി പ്രതിനിധീകരിക്കണമെന്നാഗ്രഹിക്കുന്നവരാണ് ഇരു ചിന്താസരണിയിലെയും നല്ലൊരു ശതമാനം.

**ശീഈ-സുന്നി ദ്വന്ദ്വത്തിന്റെ രാഷ്ട്രീയം**

എന്നാൽ, ശീഈ-സുന്നി ദ്വന്ദ്വം കൂടുതൽ വ്യാപിക്കണമെന്നതും ഒരിക്കലും തീരാത്ത പക മുസ്‌ലിം ലോകത്ത് നിലനിൽക്കണമെന്നതും ഇസ്‌ലാം വിരോധികളുടെയും ഇസ്‌ലാമിന്റെ മുഖംമൂടിയണിഞ്ഞ് ഇസ്‌ലാമിക നവജാഗരണത്തെ തടുക്കാൻ യത്നിക്കുന്ന ഭരണാധികാരികളുടെയും താൽപര്യമാണ്. സുന്നികളുടെ ഇസ്‌ലാമിക മുന്നേറ്റത്തെ തുരങ്കം വെക്കുന്നത് ഏകാധിപതികളായ ഇക്കൂട്ടരാണ്. വർത്തമാന കാല ഈജിപ്ത്, തുനീഷ്യ, ലിബിയ എന്നിവ ഇതിന്റെ നേർ ചിത്രങ്ങളാണ്. സുന്നി ലോകത്ത് സുന്നികളായ ഇസ്‌ലാമിസ്റ്റുകൾ കഴിഞ്ഞ ഒരു നൂറ്റാണ്ടായനുഭവിക്കുന്ന കടുത്ത പീഡനങ്ങൾ, സാത്വികരായ ആയിരക്കണക്കിന് മുസ്‌ലിം പണ്ഡിതന്മാർ അനുഭവിച്ച രക്തസാക്ഷിത്വം, ഇപ്പോഴും അനുഭവിച്ചുകൊണ്ടിരിക്കുന്ന തടങ്കൽ പാളയങ്ങൾ ഇവയെ കുറിച്ചെല്ലാം ഏറെ ബോധവാന്മാരായ നമ്മുടെ അനുഭവങ്ങളെ നിരാകരിച്ചുകൊണ്ടാണ് സുന്നികൾ ഇസ്‌ലാമിക ഭരണം സ്ഥാപിക്കുമ്പോഴെല്ലാം അതിനെ തുരങ്കം വെക്കുന്നവരാണ് ശീഈകൾ എന്നെഴുതുന്നത്. സിറിയൻ പ്രശ്നത്തിൽ ഇറാനും ഹിസ്ബുല്ലയും മേഖലയുടെ ശാക്തിക സന്തുലിതത്വവും രാഷ്ട്രീയ ഭാവിയും മുന്നിൽ കണ്ട് സ്വീകരിച്ച നിലപാടാണ് ഒരപവാദം. തീർച്ചയായും സിറിയൻ പ്രശ്നത്തെ ശീഈ-സുന്നീ പ്രശ്നമായി ന്യൂനീകരിച്ച്, മർദക വാഴ്ചക്കെതിരെ നടക്കേണ്ട പോരാട്ടത്തെ ശിഈ-സുന്നീ കലാപമാക്കി മാറ്റിയത് സുന്നികളിലെയും ശീഈകളിലെയും തീവ്ര ചിന്താഗതിക്കാരാണ്. അറബ് വസന്തത്തിന്റെ സാധ്യതകൾ കൊട്ടിയടക്കപ്പെടുന്നതിൽ അത് കലാശിക്കുകയും ചെയ്തു. ഇരു കൂട്ടരും അനുവർത്തിച്ച തെറ്റായ നിലപാടുകളെ തുറന്ന് കാട്ടാനും ചരിത്രത്തെയും വർത്തമാനത്തെയും കൃത്യമായ രാഷ്ട്രീയ വീക്ഷണത്തോടെ സമീപിക്കാനും പക്ഷേ, മുസ്‌ലിം പണ്ഡിത നേതൃത്വത്തിന് തുടക്കം മുതൽ തന്നെ സാധിച്ചില്ല. തീവ്രവാദ ചിന്താഗതിക്കാരുടെ സമ്മർദങ്ങളെ അതിജീവിക്കുന്നിടത്ത് മുസ്‌ലിം പണ്ഡിതന്മാർ പരാജയപ്പെട്ടു എന്നർഥം. ■

കവിത



# ആകാശം

▸ പ്രമോദ് മാങ്കാവ്

**ഞാ**നിഴപിന്നിപ്പാറു-
മാകാശമായ് സങ്കൽപ്പിച്ചൂ
കവിതയെ.
ലക്ഷ്യമില്ലായ്മകൾ ഉടലിൽനിന്നടർന്ന്
അപ്പൂപ്പൻ താടിയാകുമിടം...
ഒത്തിരിചിന്തകൾ കൊളുത്തറ്റ്
വിസ്തൃതപ്രപഞ്ചത്തിലേയ്ക്ക് നിവരുന്നു.
സ്വപ്നയടരുകൾ
മേഘങ്ങളിൽ കുതിർന്ന്
വർണ്ണപ്പറവകളാകുന്നു
അക്ഷരങ്ങളാം നക്ഷത്രങ്ങൾ
വാക്കുകളുടെ നെബുലകൾ
മറികടന്ന്
രത്നങ്ങളുമായ് പുറത്തെത്തുന്നു....
•

# കഥാവശേഷൻ

▸ ശ്യാം കൃഷ്ണ ലാൽ

**നീ** സന്തോഷിക്കുന്നത്
കാണാൻ വയ്യാഞ്ഞിട്ട് തന്നെയാണ്
നീയൊരു
ഹൃദയമുള്ളവനാണെന്നെഴുതാൻ
നിന്റെ ശവക്കല്ലറ
പണിയും വരെ
ഞാൻ കാത്തിരുന്നത്!!
•